K25FY4572 Pages: 2 Reg No:................
Name:................

# First Semester FYUGP Degree (Reg/Sup) Examination November 2025

# KU1DSCMAL104 - STHREE ANUBHAVAMEZHUTHU

2024 Admission onwards

Time : 1.5 hours Maximum Marks : 50

## Section A

**Answer any 6 questions. Each carry 2 marks.**

1. "പിന്നീട് ഞാൻ ഒന്നും കാണിച്ചിട്ടില്ല, അഭിപ്രായം ചോദിച്ചിട്ടില്ല " - അഭിമാനിയുടെ ശബ്ദം. എഴുതിയിട്ടില്ല എന്നല്ല അമ്മ പറഞ്ഞത്, കാണിച്ചിട്ടില്ല...! ഈ വാക്കുകൾ എഴുത്തിന്റെ നീല ഞരമ്പ് എന്ന ലേഖനത്തിൽ എത്രമാത്രം പ്രസക്തമാണ്. ആ സന്ദർഭത്തിലൂടെ വ്യക്തമാക്കുക.

2. 'കെട്ടിടത്തിലമ്മയ്ക്കെന്നു കഥയും കവിതയും എന്ന ലാഘവത്തോടെ ആ ബുക്ക് വാങ്ങി മറിച്ച നിമിഷം മറക്കാൻ വയ്യ.' എഴുത്തുകാരിക്കുണ്ടായ മറക്കാൻ കഴിയാത്ത അനുഭവം എന്തായിരുന്നു?

3. ആൻ ഫ്രാങ്ക് ഡയറിക്കുറിപ്പുകൾ എഴുതാൻ ആരംഭിച്ചതിന് കാരണം എന്താണ്?

4. ഓഷ്വിറ്റ്സ് - എന്താണ്?വിശദമാക്കുക.

5. 'എന്റെ ഈ കല്യാണവാർത്ത നാട്ടുകാരുടെ ഇടയിൽ ഒരു സംസാരവിഷയമായി'-കല്യാണവാർത്ത ചർച്ചാവിഷയമായ സാഹചര്യമെന്ത് ?

6. ഒരു ദളിത് സ്ത്രീ എങ്ങനെ ഇത്തരത്തിൽ ഒരു ധീരമായ ജീവിതം നയിച്ചു പോന്നു എന്നത് എനിക്ക് തന്നെ അത്ഭുതമാണ്" - രേഖ രാജിന്റെ ഈ അഭിപ്രായം ആരെക്കുറിച്ചാണ്? സന്ദർഭം വ്യക്തമാക്കുക.

7. ജ്ജ് ഒരു മന്സനാവാൻ നോക്ക് - എന്ന നാടകം നാടക സാഹിത്യചരിത്രത്തിലെ നാഴികക്കല്ലാണെന്ന് നിലമ്പൂർ ആയിഷ വിലയിരുത്താൻ കാരണമെന്ത്?

8. ക്ളാസ്സ്മുറി എന്ന ബഹുസ്വര ഇടത്തെ കുറിച്ച് സാറാജോസഫ്ന്റെ അഭിപ്രായം ക്രോഡീകരിക്കുക

## Section B

**Answer any 4 questions. Each carry 6 marks.**

9. വിദ്യാഭ്യാസം, സാമ്പത്തിക നില, സാമൂഹ്യ പദവി എന്നിവ സാമൂഹികാചാരങ്ങളെ മറികടക്കാൻ സഹായകമാവുന്ന പ്രിവിലേജുകളാണ്.- " സഹസ്രപൂർണിമ ' എന്ന രചനയിലെ പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

10. ' സഹസ്രപൂർണിമ ' എന്ന 'കൃതിയിലെ പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി രേവതിയമ്മയുടെ അമ്മയുടെ വ്യക്തിത്വ സവിശേഷതകൾ വിശകലനം ചെയ്യുക.

11. ദാമ്പത്യജീവിതത്തിൽ മമ്മിയെ അരക്ഷിതയാക്കിയ സാഹചര്യങ്ങളെ രേഖാ രാജ് വിലയിരുത്തുന്നതെങ്ങനെ?

12. നാടകകലാകാരി എന്ന നിലയിൽ നിലമ്പൂർ ആയിഷ അഭിമുഖീകരിച്ച ആക്രമണ സ്വഭാവമുള്ള അനുഭവങ്ങൾക്ക് കാരണമായ സാമൂഹികാവസ്ഥയെ വിശകലനം ചെയ്യുക

13. മേജർ സോമനാഥ് ശർമ എന്ന ഇന്ത്യൻ പട്ടാളക്കാരന്റെ അർപ്പണ മനോഭാവത്തെ മുൻനിർത്തി ഒരു പത്രവാർത്ത തയ്യാറാക്കുക.

14. ജിം കോർബെറ്റിന്റെ ദിനസരിക്കുറിപ്പുകൾ പലതും അന്നത്തെ ദരിദ്രഗ്രാമീണരുടെ അവസ്ഥയുടെ നാൾവഴിച്ചിത്രങ്ങൾ കൂടിയാണ് '- എന്ന് പറയാൻ കാരണമെന്താണ്?

## Section C

**Answer any 1 questions. Each carry 14 marks.**

15. സബാൾട്ടൻ ജനതയ്ക്ക് സംസാരിക്കാൻ കഴിവുണ്ടെന്ന് മയിലമ്മ ഒരു ജീവിതം എന്ന കൃതി വ്യക്തമാക്കുന്നുണ്ട്. വിശദമാക്കുക

16. ബദീനിലെ സ്ത്രീ ജീവിതത്തിന്റെ തീവ്രതയേറിയ ആവിഷ്ക്കരണമാണ് സുധാ മേനോന്റെ അനുഭവക്കുറിപ്പ് - ഉപന്യസിക്കുക.